37 (329) വ്യാജമദ്യ ഉല്പാദനം സംബന്ധിച്ച കേസ്സുകൾ

ശ്രീ. പി.ജെ. ജോയി :

ശ്രീ. വി. ബാലറാം :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യാജമദ്യ ഉൽപാദനത്തിനെതിരായി എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഈ കേസ്സുകളിൽ ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 8798 കേസ്സുകൾ എടുത്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഇതിൽ ആകെ 24 കേസ്സുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ കോടതികളിൽ വിചാരണയിലാണ്.

38 (330) തൃശ്ശൂർ ജില്ലയിലെ കള്ളുവ്യവസായം നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ അന്തിക്കാട്, വാടാനപ്പിള്ളി എന്നീ റേഞ്ചുകളിൽ കള്ളുവ്യവസായം പ്രതിസന്ധി നേരിടുന്നതിന്റെ കാരണം എന്താണ്;

(ബി) മൂന്നു വർഷത്തേയ്ക്ക് ലേലത്തിൽ എടുത്ത കരാറുകാർ കള്ളുഷാപ്പ് ഉപേക്ഷിക്കുന്നതിന് സർക്കാരിന്റെ അനുവാദം വാങ്ങിയിട്ടുണ്ടോ;

(സി) അന്തിക്കാട്, വാടാനപ്പിള്ളി റേഞ്ചുകളിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കരാറുകാർ ഉപേക്ഷിച്ച സാഹചര്യത്തിൽ വ്യവസായം തുടർന്നു നടത്താൻ തൊഴിലാളികൾ തയ്യാറാണെന്ന് യൂണിയനുകൾ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കള്ളുഷാപ്പ് കരാറുകാരും തൊഴിലാളികളുമായുള്ള തൊഴിൽ തർക്കമാണ് കാരണം.

(ബി) ഇല്ല.

(സി) തൃശ്ശൂർ ജില്ലാ കളക്ടറുടെയും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെയും സാന്നിദ്ധ്യത്തിൽ തൊഴിലാളി യൂണിയനുകളുടെയും കരാറുകാരുടെയും നേതാക്കന്മാർ തമ്മിൽ പലവട്ടം ചർച്ച നടത്തി, ഇപ്പോഴും പ്രതി

LIBRARY ARCHIVES Kerala Legislative Assembly